**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4063** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എല്ലിലെ കരാർ/ദിവസവേതന ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കരാർ/ദിവസവേതന ജീവനക്കാരെ നിയമിക്കുന്നതിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അംഗീകൃത നിയമങ്ങളോ പ്രത്യേക നിയമങ്ങളോ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത നിയമം നടപ്പിലാക്കിയ തീയതി വ്യക്തമാക്കുമോ; പ്രസ്തുത നിയമത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 01.11.2007 തീയതിയിലെ സ.ഉ.(പി.) 448/2007/ എച്ച് & എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 16 തസ്തികകളും, 15.05.2008 - ലെ സ.ഉ.(കൈ) 155/2008/എച്ച് & എഫ്.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം താല്ക്കാലികാടിസ്ഥാനത്തിൽ 70 തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഈ തസ്തികകൾ തികച്ചും അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമമായ സേവനം ലഭിക്കുന്നതിനുമായി, ജീവനക്കാരെ കരാർ/ ഡെപ്യൂട്ടേഷൻ/ഔട്ട്സോഴ്സ് വ്യവസ്ഥയിൽ കുറഞ്ഞത് ഒരു വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനും 01.11.2007 ലെ ഉത്തരവിൽ അനുമതി നൽകിയത് പ്രകാരം വിവിധ കാലയളവുകളിലായി പത്രപ്പരസ്യം നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമിച്ചു വന്നിരുന്നു. സർക്കാർ ആശുപത്രികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുക എന്ന അതീവ ഉത്തരവാദിത്തത്തോടുകൂടി നിർവ്വഹിക്കേണ്ട പ്രവർത്തനമാണ് കോർപ്പറേഷൻ നടത്തിവരുന്നത് എന്നത് കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ എടുത്ത ജീവനക്കാരെ ഓരോ വർഷവും ഒരു ദിവസത്തെ കരാർ ബ്രേക്ക് നല്കി പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ വീണ്ടും കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചും, ദിവസവേതനത്തിൽ എടുത്ത ജീവനക്കാരെ 179 ദിവസത്തെ സേവനത്തിനുശേഷം ഒരു ദിവസത്തെ ബ്രേക്ക് നല്കി വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചും ആണ് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകുന്നത്.<br><br>കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന 671 ജീവനക്കാരുടെ സേവനകാലയളവ് 2024 മാർച്ച് 30 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. തുടർന്നും 640 കരാർ ജീവനക്കാരുടെയും 39 ദിവസവേതന ജീവനക്കാരുടെയും സേവനം ദീർഘിപ്പിച്ച് നല്കുന്നതിനായി കെ.എം.സി.എൽ. മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ച് വരുന്നു.<br><br>കോർപ്പറേഷനിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ കരാർ/ദിവസ വേതന / ഔട്ട് സോഴ്സ് ജീവനക്കാരുടേയും റെഗുലർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടേയും നിയമനം സംബന്ധിച്ച വിശദാംശങ്ങളുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | കെ.എം.എസ്.സി.എല്ലിൽ നാളിതുവരെ നടന്ന ഏതെങ്കിലും നിയമനങ്ങളിൽ ഭരണഘടനാ ലംഘനവും നിയമന നിയമലംഘനവും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | 01.11.2007 തീയതിയിലെ സ.ഉ.(പി.) 448/2007/ എച്ച് & എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 16 തസ്തികകളും, 15.05.2008 - ലെ സ.ഉ.(കൈ) 155/2008/എച്ച് & എഫ്.ഡബ്യു.ഡി. ഉത്തരവ് പ്രകാരം താല്ക്കാലികാടിസ്ഥാനത്തിൽ 70 തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഈ തസ്തികകൾ തികച്ചും അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമമായ സേവനം ലഭിക്കുന്നതിനുമായി, ജീവനക്കാരെ കരാർ/ ഡെപ്യൂട്ടേഷൻ/ഔട്ട്സോഴ്സ് വ്യവസ്ഥയിൽ കുറഞ്ഞത് ഒരു വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനും 01.11.2007 ലെ ഉത്തരവിൽ അനുമതി നൽകിയത് പ്രകാരം വിവിധ കാലയളവുകളിലായി പത്രപ്പരസ്യം നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമിച്ചു വന്നിരുന്നു. സർക്കാർ ആശുപത്രികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുക എന്ന അതീവ ഉത്തരവാദിത്തത്തോടുകൂടി നിർവ്വഹിക്കേണ്ട പ്രവർത്തനമാണ് കോർപ്പറേഷൻ നടത്തിവരുന്നത് എന്നത് കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ എടുത്ത ജീവനക്കാരെ ഓരോ വർഷവും ഒരു ദിവസത്തെ കരാർ ബ്രേക്ക് നല്കി പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ വീണ്ടും |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചും, ദിവസവേതനത്തിൽ എടുത്ത ജീവനക്കാരെ 179 ദിവസത്തെ സേവനത്തിനുശേഷം ഒരു ദിവസത്തെ ബ്രേക്ക് നല്കി വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചും ആണ് കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകുന്നത്.<br><br>കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന 671 ജീവനക്കാരുടെ സേവനകാലയളവ് 2024 മാർച്ച് 30 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. തുടർന്നും 640 കരാർ ജീവനക്കാരുടെയും 39 ദിവസവേതന ജീവനക്കാരുടെയും സേവനം ദീർഘിപ്പിച്ച് നല്കുന്നതിനായി കെ.എം.സി.എൽ. മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ച് വരുന്നു.<br><br>കോർപ്പറേഷനിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ കരാർ/ദിവസ വേതന / ഔട്ട് സോഴ്സ് ജീവനക്കാരുടേയും റെഗുലർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടേയും നിയമനം സംബന്ധിച്ച വിശദാംശങ്ങളുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (സി) | സർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങളിൽ താല്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള 28.02.1992-ലെ നടപടിക്രമമായ 14896/ ബി.പി.ഇ.2/91/പ്ലാനിങ് നമ്പർ സർക്കുലർ കെ.എം.എസ്.സി.എല്ലിൽ 2008 മുതൽ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം എത്ര ജീവനക്കാർ നിലവിൽ കെ.എം.എസ്.സി.എല്ലിൽ ജോലിചെയ്യുന്നുണ്ട്; വ്യക്തമാക്കാമോ; | (സി) | 01.11.2007 തീയതിയിലെ സ.ഉ.(പി.) 448/2007/ എച്ച് & എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 16 തസ്തികകളും, 15.05.2008 - ലെ സ.ഉ.(കൈ) 155/2008/എച്ച് & എഫ്.ഡബ്യൂ.ഡി. ഉത്തരവ് പ്രകാരം താല്ക്കാലികാടിസ്ഥാനത്തിൽ 70 തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഈ തസ്തികകൾ തികച്ചും അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമമായ സേവനം ലഭിക്കുന്നതിനുമായി, ജീവനക്കാരെ കരാർ/ ഡെപ്യൂട്ടേഷൻ/ഔട്ട്സോഴ്സ് വ്യവസ്ഥയിൽ കുറഞ്ഞത് ഒരു വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനും 01.11.2007 ലെ ഉത്തരവിൽ അനുമതി നൽകിയത് പ്രകാരം വിവിധ കാലയളവുകളിലായി പത്രപ്പരസ്യം നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമിച്ചു വന്നിരുന്നു. സർക്കാർ ആശുപത്രികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുക എന്ന അതീവ ഉത്തരവാദിത്തത്തോടുകൂടി നിർവ്വഹിക്കേണ്ട |

| | | | |
|---|---|---|---|
| | | | പ്രവർത്തനമാണ് കോർപ്പറേഷൻ നടത്തിവരുന്നത് എന്നത് കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ എടുത്ത ജീവനക്കാരെ ഓരോ വർഷവും ഒരു ദിവസത്തെ കരാർ ബ്രേക്ക് നല്കി പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ വീണ്ടും കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചും, ദിവസവേതനത്തിൽ എടുത്ത ജീവനക്കാരെ 179 ദിവസത്തെ സേവനത്തിനുശേഷം ഒരു ദിവസത്തെ ബ്രേക്ക് നല്കി വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചും ആണ് കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകുന്നത്.<br><br>കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന 671 ജീവനക്കാരുടെ സേവനകാലയളവ് 2024 മാർച്ച് 30 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. തുടർന്നും 640 കരാർ ജീവനക്കാരുടെയും 39 ദിവസവേതന ജീവനക്കാരുടെയും സേവനം ദീർഘിപ്പിച്ച് നല്കുന്നതിനായി കെ.എം.സി.എൽ. മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ച് വരുന്നു.<br><br>കോർപ്പറേഷനിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ കരാർ/ദിവസ വേതന / ഔട്ട് സോഴ്സ് ജീവനക്കാരുടേയും റെഗുലർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടേയും നിയമനം സംബന്ധിച്ച വിശദാംശങ്ങളുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ഡി) | സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ സാമുദായിക സംവരണം, വിദ്യാഭ്യാസ യോഗ്യത എന്നിവ കൃത്യമായി പാലിക്കപ്പെടണമെന്നുള്ള കേരള സബോർഡിനേറ്റ് സർവീസ് റൂൾസ്, കെ.എം.എസ്.സി.എല്ലിൽ 2008 മുതൽ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | 01.11.2007 തീയതിയിലെ സ.ഉ.(പി.) 448/2007/ എച്ച് & എഫ്.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി 16 തസ്തികകളും, 15.05.2008 - ലെ സ.ഉ.(കൈ) 155/2008/എച്ച് & എഫ്.ഡബ്യു.ഡി. ഉത്തരവ് പ്രകാരം താല്ക്കാലികാടിസ്ഥാനത്തിൽ 70 തസ്തികകളും അനുവദിച്ചിരുന്നു. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ഈ തസ്തികകൾ തികച്ചും അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമമായ സേവനം ലഭിക്കുന്നതിനുമായി, ജീവനക്കാരെ കരാർ/ ഡെപ്യൂട്ടേഷൻ/ഔട്ട്സോഴ്സ് വ്യവസ്ഥയിൽ കുറഞ്ഞത് ഒരു വർഷക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിനും 01.11.2007 ലെ ഉത്തരവിൽ അനുമതി നൽകിയത് പ്രകാരം വിവിധ കാലയളവുകളിലായി പത്രപ്പരസ്യം നല്കിയും, നേരിട്ടും, ഡെപ്യൂട്ടേഷൻ മുഖേനയും |

| | | | |
|---|---|---|---|
| | | | എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയും ജീവനക്കാരെ കോർപ്പറേഷൻ നിയമിച്ചു വന്നിരുന്നു. സർക്കാർ ആശുപത്രികൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുക എന്ന അതീവ ഉത്തരവാദിത്തത്തോടുകൂടി നിർവ്വഹിക്കേണ്ട പ്രവർത്തനമാണ് കോർപ്പറേഷൻ നടത്തിവരുന്നത് എന്നത് കണക്കിലെടുത്ത് കരാർ അടിസ്ഥാനത്തിൽ എടുത്ത ജീവനക്കാരെ ഓരോ വർഷവും ഒരു ദിവസത്തെ കരാർ ബ്രേക്ക് നല്കി പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ വീണ്ടും കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചും, ദിവസവേതനത്തിൽ എടുത്ത ജീവനക്കാരെ 179 ദിവസത്തെ സേവനത്തിനുശേഷം ഒരു ദിവസത്തെ ബ്രേക്ക് നല്കി വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചും ആണ് കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകുന്നത്.<br><br>കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന 671 ജീവനക്കാരുടെ സേവനകാലയളവ് 2024 മാർച്ച് 30 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. തുടർന്നും 640 കരാർ ജീവനക്കാരുടെയും 39 ദിവസവേതന ജീവനക്കാരുടെയും സേവനം ദീർഘിപ്പിച്ച് നല്കുന്നതിനായി കെ.എം.സി.എൽ. മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ച് വരുന്നു.<br><br>കോർപ്പറേഷനിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ കരാർ/ദിവസ വേതന / ഔട്ട് സോഴ്സ് ജീവനക്കാരുടേയും റെഗുലർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടേയും നിയമനം സംബന്ധിച്ച വിശദാംശങ്ങളുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ